**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3481 — 22.08.2017 ൽ മറുപടിക്ക്

ജില്ലാ ടി.ബി. ആശുപത്രിയുടെ ശോചനീയാവസ്ഥ

| ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ ജില്ലാ ടി.ബി. ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | 18.05.2017-ൽ ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ആരോഗ്യവകുപ്പിന് സമർപ്പിച്ച കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (ബി), (സി) & (ഡി) | നിലവിലുള്ള കെട്ടിടങ്ങളിൽ ശോച്യാവസ്ഥ പരിഹരിക്കുവാൻ കഴിയുന്നവ അറ്റകുറ്റപണികൾ നടത്തിയും അടിയന്തിരമായി പൊളിച്ചു മാറ്റേണ്ടുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയവ പണിഞ്ഞും മാത്രമേ ഈ ആശുപത്രിയിൽ മെച്ചപ്പെട്ട സൗകര്യം ഏർപ്പെടുത്താൻകഴിയൂ. ഇത് സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയിരുന്ന റിപ്പോർട്ടിൽ കെട്ടിടം പൊളിക്കുന്നതിനു ആവശ്യമായ 'ഡിസ്മാന്റിലിങ് എസ്റ്റിമേറ്റ്' ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ആയത് കൂടി ഉൾക്കൊള്ളിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇത് സംബന്ധിച്ച് എറണാകുളം ജില്ല മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | | |
| (ഡി) | എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ